REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 22-10-2025** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപദി മുർമു ശബരിമല സന്നിധാനത്ത് ദർശനം നടത്തി. അതീവ സുരക്ഷ ഒരുക്കി കേന്ദ്രസേനയും, സേനാ വിഭാഗങ്ങളും.**
- **ഇരുപതിനായിരം കോടി രൂപയുടെ വികസനമാണ് റെയിൽവെ കേരളത്തിൽ നടപ്പാക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.**
- **കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്ക് 250 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ.**
- **സംസ്ഥാനത്ത് ഇന്ന് മുതൽ അഞ്ചു ദിവസം അതിശക്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്.**
- **ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇൻഡോറിൽ ഉച്ചകഴിഞ്ഞ് ഓസ്ട്രേലിയ, ഇംഗ്ലണ്ടിനെ നേരിടും.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപദി മുർമു ശബരിമല സന്നിധാനത്ത് ദർശനം നടത്തി. കേന്ദ്രസേനയും, സേനാ വിഭാഗങ്ങളും സന്നിധാനത്ത് കനത്ത സുരക്ഷ ഒരുക്കിയിരുന്നു.

പത്തനംതിട്ടയിൽ നിന്ന് ശ്രീജി S ശ്രീധർ...

.......(വോയ്സ്).......

✪✪✪

നേരത്തെ പ്രമാടം രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം ഗ്രൗണ്ടിൽ ഹെലികോപ്ടറിലെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമുവിനെ മന്ത്രി VN വാസവന്റെ നേതൃത്വത്തിൽ സ്വീകരിച്ചു.

നാളെ തിരുവനന്തപുരത്ത് രാജ്ഭവനിൽ മുൻ രാഷ്ട്രപതി KR നാരായണന്റെ അർധകായ പ്രതിമ രാഷ്ട്രപതി അനാച്ഛാദനം ചെയ്യും. ശിവഗിരിയിൽ ശ്രീനാരായണ ഗുരു സമാധി ശതാബ്ദി ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്ന രാഷ്ട്രപതി, പാലാ സെന്റ് തോമസ് കോളേജിലെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിലും സംബന്ധിക്കും. വെള്ളിയാഴ്ച എറണാകുളം സെന്റ് തെരേസാസ് കോളേജിലെ ശതാബ്ദി പരിപാടിയിൽ പങ്കെടുത്ത ശേഷം രാഷ്ട്രപതി ഡൽഹിക്ക് മടങ്ങും.

✪✪✪

റെയിൽവെ സ്റ്റേഷനുകളുടെ വികസനവും, റെയിൽപാതകളുടെ ഇലക്ട്രിഫിക്കേഷനും ഉൾപ്പടെ ഇരുപതിനായിരം കോടി രൂപയുടെ വികസനമാണ് കേരളത്തിൽ നടപ്പാക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ കൊല്ലത്ത് പറഞ്ഞു. പെരിനാട്, സ്റ്റോപ് അനുവദിച്ച മധുര - ഗുരുവായൂർ എക്സ്പ്രസ് ട്രെയിന് നൽകിയ സ്വീകരണപരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മധുരയിൽ നിന്നെത്തി ഗുരുവായൂരിലേക്ക് പുറപ്പെട്ട ട്രെയിൻ ജോർജ്ജ് കുര്യൻ ഫ്ലാഗ് ഓഫ് ചെയ്തു. ഗുരുവായൂർ സർവീസിന് രാവിലെ 11:18 നും, മധുര സർവീസിന് രാത്രി 7:53 നുമാണ് പെരിനാട് സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിച്ചത്.

NK പ്രേമചന്ദ്രൻ MP, തിരുവനന്തപുരം റെയിൽവേ ഡിവിഷണൽ മാനേജർ ദിവ്യകാന്ത് ചന്ദ്രകാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

✪✪✪

മൊത്തം വനവിസ്തൃതിയിൽ ലോകത്ത് ഒൻപതാം സ്ഥാനവുമായി, പ്രകൃതിസംരക്ഷണത്തിൽ ഇന്ത്യയ്ക്ക് ചരിത്രനേട്ടം. ബാലിയിൽ ഐക്യരാഷ്ട്രസംഘടനയുടെ ഭക്ഷ്യ- കാർഷിക ഓർഗനൈസേഷനാണ് ഗ്ലോബൽ ഫോറസ്റ്റ് റിസോഴ്സസ് അസെസ്മെന്റ് -2025 റിപ്പോർട്ടിൽ ഇക്കാര്യം വെളിപ്പെടുത്തിയത്. നേരത്തെ ഇന്ത്യ ഈ രംഗത്ത് പത്താം സ്ഥാനത്തായിരുന്നു. വനവത്ക്കരണവും, വനസംരക്ഷണ ശ്രമങ്ങളും, സാമൂഹ്യ-പരിസ്ഥിതി പ്രവർത്തനങ്ങളും വഴിയാണ് ഇന്ത്യ ഈ നേട്ടം കൈവരിച്ചതെന്ന് കേന്ദ്രപരിസ്ഥിതി മന്ത്രി ഭുപേന്ദ്രയാദവ് വിശദീകരിച്ചു.

✪✪✪

തീവ്ര വോട്ടർ പട്ടിക പരിഷ്കരണം രാജ്യവ്യാപകമായി നടപ്പാക്കുന്നത് ചർച്ച ചെയ്യാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്നും, നാളെയും യോഗം ചേരും. ന്യൂഡൽഹിയിലെ ദ്വാരകയിൽ ഉച്ചകഴിഞ്ഞ് ആരംഭിക്കുന്ന യോഗത്തിൽ എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ചീഫ് ഇലക്ടറൽ ഓഫീസർമാർ പങ്കെടുക്കും.

മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ, തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ സുഖ്ബീർ സിംഗ് സന്ധു, വിനീത് ജോഷി, ഡെപ്യൂട്ടി ഇലക്ഷൻ കമ്മീഷണർമാർ, മറ്റ് മുതിർന്ന ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

ലഡാക്ക് സമരസമിതി പ്രതിനിധികളുമായി കേന്ദ്രം ഇന്ന് ന്യൂഡൽഹിയിൽ ചർച്ച പുനഃരാരംഭിക്കും. കഴിഞ്ഞ മാസത്തെ ലേ അക്രമണത്തിന് ശേഷം ആദ്യ ചർച്ചയാണിത്. കേന്ദ്ര സഹമന്ത്രി നിത്യാനന്ദറായിയുടെ അധ്യക്ഷതയിൽ രൂപീകരിച്ച ഉന്നതാധികാര സമിതിയുടെ ചർച്ചകൾ സെപ്റ്റംബർ 24 ലെ സംഭവങ്ങളെ തുടർന്ന് റദ്ദാക്കിയിരുന്നു. ആഭ്യന്തര മന്ത്രാലയത്തിന്റെ ക്ഷണപ്രകാരം മുൻ MP യും, ലേയിലെ അപെക്സ് ബോഡി ചെയർമാനുമായ തുപ്സ്റ്റാങ് ചെവാങിന്റെ നേതൃത്വത്തിലെ ലഡാക്കിലെ പത്ത് പ്രധാന പ്രതിനിധികൾ അടങ്ങുന്ന സംഘവും, ആഭ്യന്തരമന്ത്രാലയത്തിലെ മുതിർന്ന ഉദ്യാഗസ്ഥരുമാണ് ചർച്ചയിൽ പങ്കെടുക്കുക.

✪✪✪

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പ് രണ്ടാം ഘട്ടത്തിന് നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന പൂർത്തിയായി. നാളെയാണ് പത്രിക പിൻവലിക്കുന്നതിന് അവസാന ദിവസം.

✪✪✪

ഓപ്പറേഷൻ സിന്ദൂർ ഉൾപ്പെടെ വിവിധ സൈനിക നടപടികളിൽ പങ്കെടുത്ത സൈനികർക്ക് സമ്മാനിക്കുന്ന ധീരതാ പുരസ്ക്കാരത്തിന് കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചു. കര - വ്യോമസേനകളിൽ സേവനം അനുഷ്ഠിക്കുന്നവർക്ക് നൽകുന്ന പുരസ്ക്കാരങ്ങളുടെ വിജ്ഞാപനമാണ് പുറപ്പെടുവിച്ചത്.

✪✪✪

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്ക് 250 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. രണ്ടാം പിണറായി ഗവൺമെന്റ് 4,618 കോടിയോളം രൂപ കാരുണ്യ ആരോഗ്യ സുരക്ഷാ

പദ്ധതിയ്ക്ക് ഇതുവരെ ലഭ്യമാക്കിയതായി മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു. ഒരു കുടുംബത്തിന് പ്രതിവർഷം അഞ്ചുലക്ഷം രൂപ വരെ സൗജന്യ ചികിത്സ ഉറപ്പാക്കുന്ന പദ്ധതിയിൽ ദരിദ്രരും ദുർബലരുമായ 41 ലക്ഷത്തി 99,000 കുടുംബങ്ങൾക്കാണ് സൗജന്യ ചികിത്സ ഉറപ്പാക്കുന്നതെന്ന് മന്ത്രി അറിയിച്ചു.

197 ഗവൺമെന്റ് ആശുപത്രികളും, നാല് കേന്ദ്രഗവൺമെന്റ് ആശുപത്രികളിലും, 364 സ്വകാര്യ ആശുപത്രികളിലുമായി കേരളത്തിലുടനീളം നിലവിൽ പദ്ധതിയുടെ സേവനം ലഭ്യമാണ്.

✪✪✪

PM ശ്രീ പദ്ധതി നടപ്പാക്കില്ലെന്ന CPIM ജനറൽ സെക്രട്ടറി MA ബേബിയുടെ അഭിപ്രായം തന്നെയാണ് CPI യ്ക്കുമെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു. RSS ന്റെ നയങ്ങൾ കുറുക്കുവഴിയിലൂടെ നടപ്പാക്കാനാണ് PM ശ്രീ പദ്ധതിയെന്നും ബിനോയ് വിശ്വം തിരുവനന്തപുരത്ത് മാധ്യമങ്ങളെ അറിയിച്ചു. CPI യുടെ നിലപാടിനെ അരാഷ്ട്രീയപരമായി CPIM സംസ്ഥാന സെക്രട്ടറി വിമർശിക്കാൻ സാധ്യതയില്ലെന്നും മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് ബിനോയ്‌വിശ്വം മറുപടി നൽകി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26 ന് രാവിലെ പതിനൊന്നിന് ആകാശവാണി നിലയങ്ങൾ പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിലേക്ക് ആശയങ്ങളും, അഭിപ്രായങ്ങളും ഈ മാസം 24 വരെ പങ്കുവയ്ക്കാം. മൻ കി ബാത്തിന്റെ 127-ാം പതിപ്പാണിത്.

✪✪✪

സംസ്ഥാനത്ത് ഇന്ന് മുതൽ അഞ്ചു ദിവസം അതിശക്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതിതീവ്ര മഴ സാധ്യത കണക്കിലെടുത്ത് ഇടുക്കി, പാലക്കാട്, മലപ്പുറം ജില്ലകളിൽ ചുവപ്പ് ജാഗ്രത നൽകി.

പത്തനംതിട്ട,ആലപ്പുഴ,കോട്ടയം,എറണാകുളം,തൃശ്ശൂർ,കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. മറ്റ് ജില്ലകളിലും ശക്തമായ മഴയുണ്ടാകുമെന്നാണ് വിലയിരുത്തൽ. മഴയ്ക്ക് ഒപ്പം മിന്നലും, മണിക്കൂറിൽ മുപ്പത് മുതൽ നാൽപ്പത് വരെ കിലോമീറ്റർ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ട്.

കേരള,കർണ്ണാടക,ലക്ഷദ്വീപ് തീരങ്ങളിൽ വെള്ളിയാഴ്ചവരെ മൽസ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

തിരുവനന്തപുരത്ത് 67 -ാം സംസ്ഥാന സ്കൂൾ കായിക മേളയിൽ മത്സരങ്ങൾ പുരോഗമിക്കുന്നു. ഹോക്കി ,ക്രിക്കറ്റ്, ഫുട്ബോൾ, നീന്തൽ, ഷൂട്ടിംഗ് കബഡി ജൂഡോ, വോളി ബോൾ, തായിക്വാണ്ടോ തുടങ്ങിയ മത്സരങ്ങളാണ് ഇന്ന്.

ഓവറോൾ കിരീട പോരാട്ടത്തിൽ 520 പോയിന്റുമായി തിരുവനന്തപുരം ജില്ലയാണ് മുന്നിൽ. 360 പോയിന്റോടെ കണ്ണൂർ രണ്ടാം സ്ഥാനത്തുണ്ട്.

✪✪✪

ICC വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ഇൻഡോറിൽ ഇന്ന് ഓസ്ട്രേലിയ, ഇംഗ്ലണ്ടിനെ നേരിടും. ഉച്ചകഴിഞ്ഞ് മൂന്നിനാണ് മത്സരം.

✪✪✪

നാലാമത് ദക്ഷിണേഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പ് വെള്ളിയാഴ്ച ജാർഖണ്ഡിലെ റാഞ്ചിയിൽ ആരംഭിക്കും. 26 വരെ ബിർസാമുണ്ട ഫുട്ബോൾ സ്റ്റേഡിയത്തിലാണ് ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ. സാഫ് ഗെയിംസിന് തയ്യാറെടുപ്പുകൾ പൂർത്തിയായതായി സ്പോർട്സ് യുവജന കാര്യ ഡയറക്ടറേറ്റ് അറിയിച്ചു.

✪✪✪

മഹാദുരന്തം ഒരു പ്രദേശത്തെ തുടച്ചുനീക്കിയപ്പോൾ വയനാട്ടിലെ ഒരു വാർഡ് തന്നെ ഇല്ലാതായി. മേപ്പാടി പഞ്ചായത്തിലെ പതിനൊന്നാം വാർഡ് മുണ്ടക്കൈ ഇനി ഓർമ്മ.

വയനാട്ടിൽ നിന്ന് അരുൺ വിൻസെന്റ്.

.......(വോയ്സ്......

✪✪✪

കേരളത്തിൽ വികസന കാര്യങ്ങൾ വൈകുന്നത് നിയമങ്ങളുടെ അഭാവം കൊണ്ടല്ലെന്നും, നടപ്പിലാക്കുന്നവരുടെ ഇച്ഛാശക്തി കുറവുകൊണ്ടാണെന്നും കേന്ദ്ര സഹ മന്ത്രി സുരേഷ് ഗോപി പറഞ്ഞു. കോട്ടയം പള്ളിക്കത്തോട് ബസ്സ്റ്റാൻഡ് മൈതാനിയിൽ കലുങ്ക് സൗഹൃദസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു സഹമന്ത്രി.

✪✪✪

46 ആയുഷ് ആശുപത്രികളിലെ ഫിസിയോ തൊറാപ്പി യൂണിറ്റുകൾ മന്ത്രി വീണാ ജോർജ്ജ് വൈകിട്ട് നാടിന് സമർപ്പിക്കും. തിരുവനന്തപുരം കിഴക്കേ കോട്ട ജില്ലാ ഹോമിയോ ആശുപത്രിയിലാണ് ഉദ്ഘാടന ചടങ്ങ്. ഭാരതീയ ചികിത്സാ വകുപ്പിന്റെ 25 ആശുപത്രികളിലും 21 ഹോമിയോ ആശുപത്രികളിലുമാണ് പുതിയ ഫിസിയോ തൊറാപ്പി യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നത്.

✪✪✪

ദേവസ്വം മന്ത്രിയും ദേവസ്വം ബോർഡും ശബരിമലയിലെ സ്വർണ്ണപ്പാളി കാണാതായ വിഷയത്തിൽ  രാജിവെക്കണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം ശരിവെക്കുന്ന പരാമർശമാണ് കഴിഞ്ഞ ദിവസം ഹൈക്കോടതിയിൽ നിന്ന് ഉണ്ടായതെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ പറഞ്ഞു. ദേവസ്വം ബോർഡിന്റെ അനുമതിയോടെ 2019ൽ സ്വർണ്ണക്കൊള്ള നടത്തിയ ഉണ്ണികൃഷ്ണൻ പോറ്റിയെ 2025 ൽ വീണ്ടും ദേവസ്വം ബോർഡ് വിളിച്ചുകൊണ്ടു വരികയായിരുന്നു എന്നും സതീശൻ മാധ്യമങ്ങളോട് പറഞ്ഞു.ഇക്കാര്യത്തിൽ ശരിയായ അന്വേഷണം നടത്തണമെന്നും സംസ്ഥാനഗവണ്മെന്റിന് ഉത്തരവാദിത്തത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ കഴിയില്ലെന്നും സതീശൻ അറിയിച്ചു.

✪✪✪

ശബരിമലയിലെ സ്വർണം കാണാതായതിൽ ദേവസ്വംബോർഡിന് ഒരു പങ്കുമില്ലെന്ന് ബോർഡ് പ്രസിഡണ്ട് PS പ്രശാന്ത് പറഞ്ഞു. ഉണ്ണിക്ക്യഷ്ണൻ പോറ്റിയ്ക്ക് സ്വർണപ്പാളികൾ കൊടുത്തുവിടാൻ നിർദ്ദേശം നൽകിയിട്ടില്ലെന്നും അദ്ദേഹം മാധ്യമങ്ങളോടു പറഞ്ഞു. ഇക്കാര്യം പ്രസിഡണ്ട് നിർദ്ദേശിച്ചു എന്നത് ഹൈക്കോടതി ഉത്തരവിലെ പിഴവാണെന്നും, ഇത് തിരുത്താൻ കോടതിയെ സമീപിക്കുമെന്നും പ്രശാന്ത് വ്യക്തമാക്കി.

✪✪✪

---

.

*News Editor വി കെ സുരേഷ്*
*News Reader : സയ്യിദ് അലി ശിഹാബ്*
*NRTs:,  അനിൽചന്ദ്രൻ*
*DEO:  ഷീബ*